**"CORRUPTION, A CRIME AGAINST NATION"**

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
E-mail:vig.vacb@kerala.gov.in
**ഫോൺ നം. 0471-2305393**
**തീയതി 24.05.2024**

**"കൈക്കൂലി വാങ്ങവേ സീനിയർ ക്ലാർക്ക് വിജിലൻസ് പിടിയിൽ"**

തിരുവനന്തപുരം നഗരസഭ തിരുവല്ലം സോണൽ ഓഫീസിലെ സീനിയർ ക്ലാർക്ക് അനിൽ കുമാർ കൈക്കൂലി വാങ്ങവേ ഇന്ന് (24.05.2024) വിജിലൻസ് പിടിയിലായി. കെട്ടിടം ക്രമവത്ക്കരിച്ച് നൽകുന്ന നടപടികൾക്കായി 1000/- രൂപ കൈക്കൂലിയാണ് ചോദിച്ച് വാങ്ങിയത്.

തിരുവല്ലം സോണൽ ഓഫീസ് പരിധിയിൽ ഉൾപെടുന്ന പുഞ്ചക്കരിയിൽ നിർമ്മിച്ച കെട്ടിടം ക്രമവത്ക്കരിച്ച് കെട്ടിട നമ്പർ നൽകുന്നതിനായി പരാതിക്കാരൻ തിരുവനന്തപുരം നഗരസഭ സെക്രട്ടറിയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. സെക്രട്ടറി തുടർ നടപടികൾക്കായി ഫയൽ തിരുവല്ലം സോണൽ ഓഫീസിൽ അയച്ച് നൽകി. ഫയലിൽ നടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം വന്നതിനെ തുടർന്ന് തിരുവല്ലം സോണൽ ഓഫീസിൽ എത്തിയ അപേക്ഷകനോട് സീനിയർ ക്ലാർക്കായ അനിൽകുമാർ ഫയൽ നടപടികൾ ത്വരിതപ്പെടുത്തുവാൻ 1000/- രൂപ കൈക്കൂലി ആവശ്യപ്പെടുകയായിരുന്നു. പരാതിക്കാരൻ ഈ വിവരം വിജിലൻസ് തെക്കൻ മേഖല പോലീസ് സൂപ്രണ്ട് ശ്രീ. വി. അജയകുമാറിനെ അറിയിക്കുകയും അദ്ദേഹത്തിന്റെ നിർദ്ദേശ പ്രകാരം വിജിലൻസ് തിരുവനന്തപുരം യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. വിനോദ് കുമാറിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി ഇന്ന് (24.05.2024) വൈകിട്ട് 4.30 മണിയോടെ തിരുവല്ലം സോണൽ ഓഫീസിൽ വച്ച് കൈക്കൂലി വാങ്ങവേ വിജിലൻസ് പിടിയിലാവുകയായിരുന്നു.

വിജിലൻസ് സംഘത്തിൽ പോലീസ് ഇൻസ്പെക്ടർമാരായ ശ്രീ. സനിൽകുമാർ, ശ്രീ. സോമശേഖരൻനായർ, പോലീസ് സബ് ശ്രീ. ഇൻസ്പെക്ടർമാരായ ശ്രീ. അനിൽകുമാർ.ബി.എം, ശ്രീ. രാജേഷ് കുമാർ.കെ.വി, പോലീസ് ഉദ്യോഗസ്ഥരായ ശ്രീ. ഹാഷിം, ശ്രീ. അജയകുമാർ, ശ്രീ. അനീഷ്, ശ്രീ.കണ്ണൻ, ശ്രീ. ആനന്ദ്, ശ്രീ. ജാസിം എന്നിവരുമുണ്ടായി. അറസ്റ്റ് ചെയ്ത പ്രതിയെ തിരുവനന്തപുരം വിജിലൻസ് കോടതിയിൽ ഹാജരാക്കും.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി. കെ . വിനോദ്കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.